(എ) ഗുരുവായൂരിന്റെയും പുറമുള്ള പഞ്ചായത്തിന്റെയും വികസനത്തിന് ഗുരുവായൂർ ശ്രീകൃഷ്ണക്ഷേത്രം എന്തു തുകയാണ് നൽകേണ്ടത്;

(ബി) ഈ തുക ഭാവിയിൽ ഗുരുവായൂർ ക്ഷേത്രം ഉപയോഗിക്കുന്ന കുടിവെള്ളക്കരത്തിൽനിന്ന് തട്ടിക്കിഴിക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) ദേവസ്വം നൽകുന്ന തുകയ്ക്ക് പലിശ കൊടുക്കുവാൻ ഉദ്ദേശമുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി ആൻറ് സി) ഗുരുവായൂർ വികസനം സംബന്ധിച്ച് ചർച്ചകളിൽ ഭക്തജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങളും നൽകുന്നതിന്റെ ഭാഗമായി ഗുരുവായൂരിലെ മലിനജലം നിർമ്മാർജ്ജനത്തിന് 5 കോടി രൂപയും കുടിവെള്ള പദ്ധതിക്ക് 18 കോടി രൂപയും ദേവസ്വം അടയ്ക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ തുക നൽകേണ്ടതിനെക്കുറിച്ചും മറ്റു വ്യവസ്ഥകളെക്കുറിച്ചും ദേവസ്വം ഭരണ സമിതി തീരുമാനമൊന്നും എടുത്തിട്ടില്ല.

ഇരിങ്ങോൻ ദേവീ ക്ഷേത്രത്തിന്റെ പുനരുദ്ധാരണം

106 [2095] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നഗരത്തിലെ നിബിഡവനത്തിൽ സ്ഥിതി ചെയ്യുന്ന ഇരിങ്ങോൻ ദേവീക്ഷേത്രം വൃക്ഷങ്ങൾ കടപുഴകി വീണ് ഭാഗികമായി തകർന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ഷേത്രം പുനരുദ്ധരിക്കുന്നതിനും മേൽക്കൂര ചെമ്പുതകിട് പൊതിഞ്ഞ് സുരക്ഷിതമാക്കുന്നതിനും തിരുവിതാംകൂർ ദേവസ്വം ബോർഡ് ആവിഷ്കരിച്ച പദ്ധതിനിർവ്വഹണത്തിന്റെ പുരോഗതി അറിയിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി ആൻറ് സി) ഉണ്ട്. ഇരിങ്ങോൻ ദേവീക്ഷേത്രത്തിന്റെ പുനരുദ്ധാരണ പണികളും നടത്തുന്നതിനുള്ള അടിയന്തിര നടപടികളും ബോർഡ് സ്വീകരിച്ചുവരികയാണ്. ക്ഷേത്ര പുനരുദ്ധാരണം സംബന്ധിച്ചുള്ള എല്ലാ ജോലികളും അടിയന്തിരമായി പൂർത്തീകരിക്കുന്നതാണ് എന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

ശബരിമലയുടെ വികസനത്തിന് എക്കോ സ്മാർട്ട് എന്ന സ്ഥാപനം നൽകിയ റിപ്പോർട്ട്

107 [2096] ശ്രീ. ജോർജ്ജ് ജെ. മാത്യു:
,, പ്രയാർ ഗോപാലകൃഷ്ണൻ:

LIBRARY ARCHIVES Kerala Legislative Assembly